**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2026** **16-03-2022 - ൽ മറുപടിയ്ക്ക്**

**യുക്രൈനിലുള്ള ഇന്ത്യക്കാർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ.കെ.ടി.ജലീൽ | | null<br>(മുഖ്യമന്ത്രി) | |
| (എ) | യുക്രൈൻ-റഷ്യ യുദ്ധസാഹചര്യം മുൻകൂട്ടി കണ്ട് യുക്രൈയിനിലുള്ള ഇന്ത്യക്കാരെ നാട്ടിലെത്തിക്കുന്നതിനുള്ള കേന്ദ്രസർക്കാർ നടപടികൾ വൈകിയതിനെ തുടർന്ന് പ്രവാസികൾക്ക് പലതരത്തിലുള്ള ബുദ്ധിമുട്ടുകൾ നേരിടേണ്ടി വന്നതായ മാധ്യമവാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | യുക്രൈനിൽ കുടുങ്ങിയ ഇന്ത്യക്കാരെ 'ഓപ്പറേഷൻ ഗംഗ' മുഖേന ഡൽഹി, മുംബൈ എന്നീ വിമാനത്താവളങ്ങളിലാണ് എത്തിച്ചിരുന്നത്. ഈ വിമാനത്താവളങ്ങളിൽ എത്തുന്നവരെ സംസ്ഥാന ഗവൺമെന്റ് ഡൽഹി, മുംബൈ എന്നിവിടങ്ങളിലെ നോർക്ക ഡവലപ്മെന്റ് ഓഫീസർമാരുടെ നേതൃത്വത്തിൽ സ്വീകരിക്കുകയും കേരള ഹൗസുകളിൽ താമസ സൗകര്യം ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഡൽഹിയിൽ എത്തിച്ചേർന്ന മലയാളി വിദ്യാർത്ഥികളെ കൊച്ചിയിലേക്ക് എത്തിക്കുന്നതിന് ചാർട്ടേർഡ് വിമാനങ്ങൾ സംസ്ഥാന ഗവൺമെന്റ് നോർക്ക വഴി ഏർപ്പെടുത്തിയിരുന്നു. 09.03.2022 വരെ 15 ചാർട്ടേർഡ് വിമാനങ്ങൾ വഴി കുട്ടികളെ കൊച്ചിയിൽ എത്തിച്ചു. കൊച്ചി വിമാനത്താവളത്തിൽ നിന്നും തിരുവനന്തപുരത്തേക്കും കാസർഗോട്ടേക്കും പ്രത്യേക ബസ് സർവീസുകൾ ഏർപ്പെടുത്തിയിരുന്നു. ചാർട്ടേർഡ് വിമാനങ്ങൾക്ക് പുറമേ, മുംബൈ, ഡൽഹി വിമാനത്താവളങ്ങളിൽ നിന്നും കേരളത്തിലെ വിവിധ വിമാനത്താവളങ്ങളിലേക്ക് വിമാനയാത്ര ടിക്കറ്റുകൾ നോർക്ക സൗജന്യമായി നൽകിവരുന്നു. കേരളത്തിലെ വിമാനത്താവളങ്ങളിൽ എത്തുന്ന വിദ്യാർത്ഥികളെ നോർക്കയുടെ പ്രത്യേക സംഘം സ്വീകരിക്കുകയും അവരുടെ വീടുകളിൽ എത്തിക്കാനുള്ള സൗകര്യം ഒരുക്കുകയും ചെയ്യുന്നു. |
| (ബി) | രാജ്യത്തെ വിവിധ വിമാനത്താവളങ്ങളിൽ എത്തിച്ചേരുന്ന കേരളീയരെ സ്വീകരിക്കുന്നതിനും അവരുടെ താത്ക്കാലിക താമസത്തിനും വീടുകളിൽ എത്തിക്കുന്നതിനും നോർക്ക വഴി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ; | (ബി) | യുക്രൈനിൽ കുടുങ്ങിയ ഇന്ത്യക്കാരെ 'ഓപ്പറേഷൻ ഗംഗ' മുഖേന ഡൽഹി, മുംബൈ എന്നീ വിമാനത്താവളങ്ങളിലാണ് എത്തിച്ചിരുന്നത്. ഈ വിമാനത്താവളങ്ങളിൽ എത്തുന്നവരെ സംസ്ഥാന ഗവൺമെന്റ് ഡൽഹി, മുംബൈ എന്നിവിടങ്ങളിലെ നോർക്ക ഡവലപ്മെന്റ് ഓഫീസർമാരുടെ നേതൃത്വത്തിൽ സ്വീകരിക്കുകയും കേരള |

| | | | |
|---|---|---|---|
| | | | ഹൗസുകളിൽ താമസ സൗകര്യം ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഡൽഹിയിൽ എത്തിച്ചേർന്ന മലയാളി വിദ്യാർത്ഥികളെ കൊച്ചിയിലേക്ക് എത്തിക്കുന്നതിന് ചാർട്ടേർഡ് വിമാനങ്ങൾ സംസ്ഥാന ഗവൺമെന്റ് നോർക്ക വഴി ഏർപ്പെടുത്തിയിരുന്നു. 09.03.2022 വരെ 15 ചാർട്ടേർഡ് വിമാനങ്ങൾ വഴി കുട്ടികളെ കൊച്ചിയിൽ എത്തിച്ചു. കൊച്ചി വിമാനത്താവളത്തിൽ നിന്നും തിരുവനന്തപുരത്തേക്കും കാസർഗോട്ടേക്കും പ്രത്യേക ബസ് സർവീസുകൾ ഏർപ്പെടുത്തിയിരുന്നു. ചാർട്ടേർഡ് വിമാനങ്ങൾക്ക് പുറമേ, മുംബൈ, ഡൽഹി വിമാനത്താവളങ്ങളിൽ നിന്നും കേരളത്തിലെ വിവിധ വിമാനത്താവളങ്ങളിലേക്ക് വിമാനയാത്ര ടിക്കറ്റുകൾ നോർക്ക സൗജന്യമായി നൽകിവരുന്നു. കേരളത്തിലെ വിമാനത്താവളങ്ങളിൽ എത്തുന്ന വിദ്യാർത്ഥികളെ നോർക്കയുടെ പ്രത്യേക സംഘം സ്വീകരിക്കുകയും അവരുടെ വീടുകളിൽ എത്തിക്കാനുള്ള സൗകര്യം ഒരുക്കുകയും ചെയ്യുന്നു. |
| (സി) | ഇതുവരെ സംസ്ഥാനത്ത് എത്തിച്ചേരാൻ കഴിഞ്ഞവരുടെ വിശദാംശം ലഭ്യമാക്കാമോ; | (സി) | 10.03.2022 വരെ 3123 വിദ്യാർത്ഥികൾ കേരളത്തിലേക്ക് മടങ്ങി എത്തി. |
| (ഡി) | യുക്രൈനിൽ കുടുങ്ങിപ്പോയ ബാക്കിയുള്ളവരെക്കൂടി തിരിച്ച് കൊണ്ടുവരുന്നതിന് ഏതെല്ലാം തരത്തിലുള്ള ഇടപെടലുകളാണ് തുടരുന്നതെന്ന് അറിയിക്കാമോ? | (ഡി) | യുക്രൈനിൽ യുദ്ധഭൂമിയിൽ അകപ്പെട്ട തിരിച്ചുവരാൻ ആഗ്രഹിക്കുന്ന മുഴുവൻ പേരും ആ രാജ്യത്തിന് പുറത്ത് എത്തിയിട്ടുണ്ട് എന്നാണ് ലഭ്യമായ വിവരം. വരും ദിവസങ്ങളിൽ അവരേയും നാട്ടിൽ എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ തുടരുന്നതാണ്. |

സെക്ഷൻ ഓഫീസർ